**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4149** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ബജറ്റിൽ അനുവദിച്ചിട്ടുള്ള കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് കുണ്ടറ, ഇളംമ്പള്ളൂർ ഗ്രാമ പഞ്ചായത്തുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ആയതിനായി ചേർന്നിട്ടുള്ള യോഗനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | 2022-23 ബജറ്റിൽ അനുവദിച്ചിട്ടുള്ള കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ, ത്രിതല പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 06/08/2024-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ഇളമ്പള്ളൂർ വില്ലേജിൽപ്പെട്ട സ്വകാര്യ വ്യക്തിയുടെ സ്ഥലം അനുയോജ്യമാണെന്ന് കെ.എസ്.ആർ.റ്റി.സി. പ്രതിനിധി ഉൾപ്പെടുന്ന കമ്മിറ്റി കണ്ടെത്തുകയുണ്ടായി. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പരും പ്രവേശനമാർഗ്ഗം ഉൾപ്പടെയുള്ള സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ